# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 359

10-06-2014-ൽ മറുപടിക്ക്

### വൈദ്യുതി ചാർജ്ജ് വർദ്ധന

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. വി. വിജയദാസ് | | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജ വകുപ്പ് മന്ത്രി.) |
| (എ) ഈ സർക്കാർ എത്ര പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട് ; വിശദ വിവരങ്ങൾ നൽകുമോ; | (എ) | സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രണ്ടു പ്രാവശ്യം 2012 ജൂലൈ ഒന്നാം തീയതി മുതലും 2013 മെയ് ഒന്നാം തീയതി മുതലും താരിഫ് വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1 - ആയി ചേർത്തിരിക്കുന്നു. |
| (ബി) 2011 മാർച്ച് മാസത്തിൽ ഒരു യൂണിറ്റ് വൈദ്യുതിയുടെ ഗാർഹികവും ഗാർഹികേതരവുമായ നിരക്കിന്റെ വിവരം നൽകുമോ; | (ബി) | 2011 മാർച്ച് മാസത്തിൽ നിലവിലുണ്ടായിരുന്ന വൈദ്യുതി നിരക്കുകൾ അനുബന്ധം-2 ആയി കൊടുത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | 2014 മാർച്ച് മാസത്തെ നിരക്കിന്റെ വിവരം നൽകുമോ ; | (സി) | 2014 മാർച്ച്മാസത്തിലെ വൈദ്യുത നിരക്ക് അനുബന്ധം-3 ആയി കൊടുത്തിരിക്കുന്നു |
| (ഡി) | ഈ സർക്കാർ വീണ്ടും വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുവാൻ ഉദ്ദേശി ക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; നിരക്ക് വർദ്ധിപ്പിക്കു വാൻ ഉദ്ദേശിക്കുന്നതിന്റെ കാരണം വിശദമാക്കുമോ ? | (ഡി) | സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് ഉള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. സംസ്ഥാനത്ത് വൈദ്യുതി ആവശ്യകത പ്രതിവർഷം ഏകദേശം 7 മുതൽ 8 % വരെ വർദ്ധിക്കുന്നുണ്ട്. എന്നാൽ പാരിസ്ഥിതിക കാരണങ്ങളാൽ പുതിയ ജലവൈദ്യുത പദ്ധതികൾ തുടങ്ങാൻ സാധിക്കാത്തതു കൊണ്ടും സംസ്ഥാനത്ത് കൽക്കരി, ലിഗ്നൈറ്റ് തുടങ്ങിയ ഇന്ധനങ്ങൾ ലഭ്യമല്ലാത്ത തുകൊണ്ടും, സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന ഊർജ്ജ ആവശ്യകത പരിഹരിക്കുന്നത് സംസ്ഥാനത്തിന്റെ പുറത്തു നിന്നും വ്യാപാരികൾ വഴിയും, വൈദ്യുതി ഉല്പാദകർ വഴിയും കൂടുതൽ വിലയ്ക്ക് വൈദ്യുതി വാങ്ങിയും, കൂടാതെ സംസ്ഥാനത്തിന് അകത്തുള്ള ദ്രവ ഇന്ധന നിലയങ്ങളിൽ നിന്ന് കൂടിയ വിലയുള്ള വൈദ്യുതി ഉല്പാദിപ്പിച്ചുമാണ്. ടി കാരണങ്ങ ളാൽ വൈദ്യുതി ഉല്പാദന വാങ്ങൽ ചിലവിൽ വർഷം തോറും ഗണ്യമായ വർദ്ധനവുണ്ടാക ന്നുണ്ട്. 2006-07 — ൽ വൈദ്യുതി വാങ്ങുന്നതിനുള്ള ചിലവ് യൂണിറ്റിന് 2 രൂപ 8 പൈസ ആയിരുന്ന |

തെങ്കിൽ 2013-14 ൽ ഇത് 4 രൂപ 36 പൈസയായി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ഈ വർദ്ധനയ്ക്ക് അനുസരിച്ച് താരിഫ് വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടില്ല. കൂടാതെ പണപ്പെരുപ്പം കാരണവും, സാധനസാമഗ്രികളിലുണ്ടായ വർദ്ധനവ് കാരണവും, ജീവനക്കാരുടെ ശമ്പളം, ഭരണ ചെലവുകൾ, തേയ്മാനച്ചെലവുകൾ തുടങ്ങിയവയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2006-07 ൽ ഒരു യൂണിറ്റ് വൈദ്യുതി ഉപഭോക്താവിൽ എത്തിക്കുമ്പോൾ വേണ്ടി വന്ന ചിലവ് 3 രൂപ 30 പൈസയോളമായിരുന്നുവെങ്കിൽ മേൽപ്പറഞ്ഞ കാരണങ്ങളാൽ 2014-15 വർഷത്തേയ്ക്ക് അത് ശരാശരി 6 രൂപ 27 പൈസ ആയി വർദ്ധിക്കുമെന്നാണ് കണക്കാക്കുന്നത്. ഇതു കൂടാതെ 2012-13 ൽ മൺസൂൺ മഴയിലുണ്ടായ കുറവു കാരണം ജലവൈദ്യുതോല്പാദനത്തിലുണ്ടായ കുറവും, കേന്ദ്ര വിഹിതത്തിൽ ഉണ്ടായ കുറവും കാരണം ഏകദേശം 2500 ദശലക്ഷം യൂണിറ്റിലധികം വൈദ്യുതി കൂടിയ വിലയ്ക്ക് ദ്രവ ഇന്ധന നിലയങ്ങളിൽ നിന്നും വാങ്ങിക്കേണ്ടതായി വന്നു. അതു വഴി ബോർഡിന് 2550 കോടിയിലധികം രൂപയുടെ അധിക ബാദ്ധ്യത ഉണ്ടായിട്ടുണ്ട്. ടി തുക ഇന്ധന സർചാർജ്ജിൽ കൂടി നികത്തുന്നതിന് കേരള

സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ച ചട്ടങ്ങൾ അനുവദിക്കുന്നുണ്ടെങ്കിലും നടപടി വഴി യൂണിറ്റിന് ശരാശരി ഒരു രൂപയിലധികം ഉപഭോക്താവിന് അധിക ബാദ്ധ്യതയുണ്ടാകുന്നതിനാൽ ബോർഡ് ഇന്ധന സർചാർജ്ജിന് ശുപാർശ ചെയ്യുകയുണ്ടായില്ല. എന്നാൽ ബോർഡിനുണ്ടായ വരുമാന കമ്മി നികത്തുന്നതിന് 3000 കോടിയിലധികം രൂപ ബാങ്കുകളിൽ നിന്നും, മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുണ്ട്. ടി ബാദ്ധ്യത വഴി പലിശയിനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മേൽപ്പറഞ്ഞ കാരണങ്ങളാൽ 2014-15 വർഷത്തേയ്ക്ക്, ബോർഡിന്റെ പ്രതീക്ഷിക്കുന്ന കമ്മി 2931.21 കോടി രൂപയാണ്. ഇതിൽ 1423.63 കോടി രൂപ മാത്രമാണ് താരിഫ് വർദ്ധനയിലൂടെ സമാഹരിക്കുന്നതിന് ബോർഡ് ലക്ഷ്യമിടുന്നത്. സംസ്ഥാന വൈദ്യുതി ബോർഡ് 2014-15 വർഷത്തേയ്ക്ക് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച താരിഫ് പരിഷ്കരണ നിർദ്ദേശങ്ങളുടെവിശദാംശങ്ങൾ നുബന്ധം -4 ആയി ചേർത്തിരിക്കുന്നു

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ